
ആചാര്യ ഫാ. എം. കെ. ജേക്കബ്
ലാളിത്യത്തിൽ വിരിഞ്ഞ ഒരു ആത്മീയ പുഷ്പം

(Acharya Fr. M. K. Jacob, Christhu Shishya Ashram, Thadagam - A Life Remembered)



മലനിരകൾ കാവൽ നിൽക്കുന്ന കോയമ്പത്തൂരുള്ള തടാകം ഗ്രാമത്തിന്റെ താഴ്വാരത്തിലെ കുളിർമയും ശാന്തതയും ഇടചേർന്ന ദിവ്യാന്തരീക്ഷത്തിൽ, നാല്പതു വർഷത്തിലധികം ദീപ്തമായ സന്യാസജീവിതം നയിച്ച ഒരു സ്നേഹമൂർത്തി - **ആചാര്യ ഫാ. എം. കെ. ജേക്കബ് (1931-1992)**. അദ്ദേഹം ഒരു ആശ്രമസ്തൻ മാത്രമായിരുന്നില്ല; ഒരു സന്യാസിയുടെ ലാളിത്യവും ഒരു പിതാവിന്റെ കരുണയും ചൊരിഞ്ഞു തടാകത്തിലെ വിവിധ മതസ്ഥരായ പാവപ്പെട്ട ഗ്രാമീണരോട് ചേർന്നു നിന്ന ആത്മീയ ചൈതന്യമായിരുന്നു.

ആദ്യകാലം - വിശ്വാസത്തിന്റെ വിത്തുകൾ

1931 ഒക്ടോബർ 5-ന് കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിൽ മാധവശ്ശേരിൽ ശ്രീ. ടി. പി. കുരുവിളക്കും (തേറത്താനം - പെരുമ്പഴമൂലയിലായ തെക്കേപറമ്പിൽ) അന്നമ്മക്കും (കുഴിക്കാട്ടിൽ) ദൈവം നൽകിയ അഞ്ചു മക്കളിൽ മൂന്നാമനായിരുന്നു തങ്കച്ചൻ എന്ന്

വിളിപ്പേരുണ്ടായിരുന്ന എം. കെ. ജേക്കബ്. മുതിർന്ന സഹോദരൻ റ്റി. കെ. പുന്നൂസ് (ഭാര്യ അന്നമ്മ, തോപ്പിൽകിഴക്കെതിൽ, പരുമല) ഇളയ സഹോദരൻ എം. കെ. കുര്യൻ (ഭാര്യ ആലീസ് കുട്ടി, കടവിൽ, നിരണം), സഹോദരിമാരയ അദ്ധ്യാപികമാർ അന്നമ്മ (ഭർത്താവ് തമ്പി - പാറേപ്പറമ്പിൽ, പുതുപ്പള്ളി) സാറാമ്മ (ഭർത്താവ് തമ്പി - കണിയാംകുളം, മാങ്ങാനം) എന്നിവരുൾപ്പെട്ടതായിരുന്നു കുടുംബം. ആത്മീയ അന്തരീക്ഷം പ്രകാശമാനമാക്കിയ ഭവനമാ യിരുന്നു അത്. കുടുംബാംഗങ്ങളിൽ ഭക്തിയും സഭാ സ്നേഹവും നിറഞ്ഞിരുന്നതുകൊണ്ട് ചെറുപ്പം മുതൽ തന്നെ ജേക്കബ് പ്രാർത്ഥനയിലേക്കും ധ്യാനത്തിലേക്കും സ്വാഭാവികമായി ആകർഷിതനായി.

ഇരവിനല്ലൂർ സെന്റ് തോമസ് സ്കൂളിലും പുതുപ്പള്ളി സെന്റ് ജോർജ് ഹൈസ്കൂളിലും തുടർന്ന് കോട്ടയം സി. എം. എസ്. കോളേജിലും വിദ്യാഭ്യാസം നേടിയപ്പോൾ, പഠനത്തോടൊപ്പം പ്രാർത്ഥനയും ആത്മസംസാരവും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമായി. വിദ്യാർത്ഥിദിനങ്ങളിൽ തന്നെ ബൈബിൾ പഠനവും പ്രാർത്ഥനാ കൂട്ടായ്മകളും സംഘടിപ്പിച്ചിരുന്ന ജേക്കബ്, തന്റെ ജീവിതം മിഷൻ പ്രവർത്തനത്തിനായി സമർപ്പിക്കണമെന്ന് ആഗ്രഹിച്ചു് അതിനുവേണ്ടി പ്രവർത്തിച്ചു. കുടുംബം കൂടുതൽ പഠനത്തിന് പിന്തുണച്ചിട്ടും, ആത്മീയ ഉൾക്കാഴ്ച്ചക്ക് അനുസരിച്ച് അദ്ദേഹം ആ വഴിയിലേക്കാണ് തിരിഞ്ഞത്.

തടാകം ആശ്രമത്തിലേക്കുള്ള വിളിയും അഭിഷേകവും

1953-ൽ, വിദ്യാർഥിപ്രസ്ഥാനത്തിന്റെ മീറ്റിംഗുകളിലും, പുതുപ്പള്ളി നിലക്കൽ കൺവെൻഷനിലും, ആംഗ്ളിക്കൻ ബിഷപ്പ് ഹെർബർട്ട് പക്കൻഹാം വാൾഷിന്റെ പ്രഭാഷണങ്ങൾ കേട്ട് ആത്മീയമായി പ്രേരിതനായ ജേക്കബ്, കോയമ്പത്തൂരിനടുത്ത് തടാകത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന **ക്രിസ്തുശിഷ്യ ആശ്രമത്തിൽ** ഒരു അന്തേവാസിയായി ചേർന്നു.

അവിടെ ബിഷപ്പ് പക്കൻഹാം വാൾഷും ഭാര്യ ക്ളാരാ വാൾഷും ഓർത്തഡോക്സ് സഭ അംഗമായ ഫാ. കെ. സി. വർഗീസും ചേർന്നു കരുപ്പിടിപ്പിച്ച ആശ്രമ അന്തരീക്ഷം അദ്ദേഹത്തിന്റെ ആത്മീയ

വളർച്ചക്ക് അടിത്തറയായി. പപ്പാ എന്നും മമ്മി എന്നും സ്നേഹത്തോടെ എല്ലാവരും വിളിച്ചിരുന്ന വാൾഷ് ദമ്പതികൾ ജേക്കബിന്റെ ശാന്തതയും വിനയവും ദൈവാനുരാഗവും തൊട്ടറിഞ്ഞു പൂർണ സന്തോഷത്തോടെ അദ്ദേഹത്തെ ആശ്രമ ജീവിതത്തിലേക്ക് പ്രവേശിപ്പിച്ചു. ചുരുങ്ങിയ നാളുകളിൽ തന്നെ ജേക്കബ് എല്ലാവർക്കും പ്രിയങ്കരനായി. ആ കാലഘട്ടത്തിൽ ശ്രീ ഫിലിപ്പോസ് തോമസ് (പിന്നീട് അഭിവന്ദ്യ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപോലിത്ത), ശ്രീ സി. സി. കോര (ഫാ. സി. സി. കോര, നടുക്കോട്ടിൽ), ശ്രീ കെ. ഐ. എബ്രഹാം (ഫാ. കെ. ഐ. എബ്രഹാം അഞ്ചേരി), ശ്രീ കെ. വി. തോമസ് (ഫാ. കെ. വി. തോമസ് കാട്ടമ്പാക്കൽ), ശ്രീ എം. എ. കോര മണപ്പറമ്പിൽ, ശ്രീ റ്റി സി ചാക്കോ (വാകത്താനം), ഫാ. റ്റി. സി. മത്തായി (പുറമറ്റം), ഫാ. ഡോ. വി. സി. സാമുവേൽ (ബാംഗ്ലൂർ), അമ്മമാരായ ശ്രീമതി മറിയാമ്മ, ശ്രീമതി ഏലിയാമ്മ, ശ്രീമതി സാറാമ്മ എന്നിവരും, പിന്നീട് ശ്രീ കെ. വി. ചാക്കോ (ഇപ്പോൾ വന്ദ്യ യാക്കൂബ് റമ്പാൻ), ഫാ. എം. സി. ചെറിയാൻ (തടാകം ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന അഭിവന്ദ്യ സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ) എന്നിവരും ആശ്രമത്തിൽ സഹ പ്രവർത്തകരായിരുന്നു.

1955ൽ ബിഷപ്പ് വാൾഷിന്റെ പ്രത്യേക പ്രോത്സാഹനത്തോടെ അദ്ദേഹം സെറാംപൂർ സർവകലാശാലയിലേക്ക് ദൈവശാസ്ത്ര പഠനത്തിനായി അയക്കപ്പെട്ടു. അവിടെ നിന്ന് 1959ൽ അദ്ദേഹം ബാച്ചിലർ ഓഫ് ഡിവിനിറ്റി (B.D.) ബിരുദം നേടി. പഠനകാലം അദ്ദേഹത്തെ ആത്മീയമായും സാമൂഹികമായും വളർത്തിയ ഒരു അനുഭവയാത്രയായിരുന്നു. ധാരാളം സ്നേഹിതന്മാരെയും ഈ കാലഘട്ടത്തിൽ അദ്ദേഹം സമ്പാദിച്ചു.

സന്യാസജീവിതം - ലാളിത്യത്തിന്റെ വഴിയിലൂടെ

പഠനം പൂർത്തിയാക്കി തടാകം ആശ്രമത്തിലേക്ക് മടങ്ങിയെത്തിയ ജേക്കബ് പൂർണ്ണമായ സന്യാസജീവിതം സ്വീകരിച്ചു. കാവി നിറത്തിലുള്ള കൈത്തറി മുണ്ടും ജുബ്ബയും, തോളിലൊരു തുണി സഞ്ചി, പരിമിതമായ ആവശ്യങ്ങൾ – ഇവയായിരുന്നു അദ്ദേഹത്തിന്റെ ദൈനംദിന വസ്ത്രവും ജീവിതരീതിയും. സ്വകാര്യ സമ്പാദ്യം എന്ന ആശയം അദ്ദേഹത്തിനില്ലായിരുന്നു. കുടുംബ സ്വത്തായി ലഭിച്ച അദ്ദേഹത്തിന്റെ ഭാഗം ആശ്രമത്തിലേക്കാക്കി മാറ്റി. ജീവിതകാലം മുഴുവൻ ആശ്രമത്തിന്റെ പൊതു

പ്രവർത്തനത്തിനും സഹജീവികളുടെ ആവശ്യങ്ങൾക്കും സമർപ്പിച്ച നിലയിൽ അദ്ദേഹം ജീവിച്ചു. സുഹൃത്തുക്കളും ബന്ധുക്കളും നൽകിയ ചെറു സഹായങ്ങൾക്കു പോലും അദ്ദേഹം രസീതുകൾ കൈമാറിയിരുന്നതായി കുടുംബാംഗങ്ങൾ ഓർമ്മിക്കുന്നു – അത്രയും നീതിപരവും ലളിതവുമായിരുന്നു ആ ആത്മീയജീവിതം.

ആശ്രമത്തിലെ ദിനങ്ങൾ - പ്രാർത്ഥന, സേവനം, പഠനം, സഹവാസം

തടാകം ആശ്രമത്തിലെ ജീവിതം പ്രാർത്ഥന, പഠനം, സേവനം, സഹവാസം എന്ന നാല് തൂണുകളിലാണ് നിലനിന്നിരുന്നത്. രാവിലെ അഞ്ചരയ്ക്കുള്ള പ്രാർത്ഥനയോടെയാണ് ദിവസങ്ങൾ ആരംഭിച്ചത്. പിന്നീട് കൃഷിയിടങ്ങളിൽ കൈവേലകളും ഗ്രാമീണസേവനങ്ങളും, ഉച്ചയ്ക്കുശേഷം പഠനവും ആത്മീയ ചിന്തയും. അദ്ദേഹത്തിന്റെ സൗമ്യസ്വഭാവം, സ്നേഹപൂർണ്ണമായ വാക്കുകൾ, സ്വതന്ത്രമായ സഹവാസരീതി - ഇതൊക്കെയായിരുന്നു അദ്ദേഹത്തെ എല്ലാവരുടെയും പ്രിയപ്പെട്ട കൂട്ടുകാരൻ ആക്കിയത്.

ഗുരുവിന്റെ വിടവാങ്ങലും കൂടുതൽ ഉത്തരവാദിത്തങ്ങളും

1959-ൽ ബിഷപ്പ് പക്കൻഹാം വാൾഷിന്റെ നിര്യാണം ആശ്രമത്തിന് വേദനാജനകമായ ഒരു ഘട്ടമായിരുന്നു. ഫാദർ കെ. സി. വർഗീസ് ആചര്യ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടു. 1961-ൽ ക്ലാര വാൾഷും വിടവാങ്ങിയതോടെ ആശ്രമത്തിന്റെ മുഴുവൻ കാര്യങ്ങളും കെ സി വർഗീസ് അച്ചനോടൊപ്പം ജേക്കബിന്റെയും ഉത്തരവാദിത്വമായി. 1961 മുതൽ 1967 വരെ ആശ്രമം സെക്രട്ടറിയായി സേവനം ചെയ്തു. ഈ കാലത്ത് ബിഷപ്പ് വാൾഷ് മെമ്മോറിയൽ ഹോസ്പിറ്റൽ ഒരു ഡിസ്പെൻസറി ആയി രൂപം കൊണ്ടു, ഗ്രാമീണ സേവനം വ്യാപകമായി. സാധുക്കളായിരുന്ന ഗ്രാമവാസികളുടെ സർവതോമുഖമായ വളർച്ചക്ക് ആശ്രമത്തിന്റെ പ്രവർത്തനങ്ങൾ പ്രയോജനപ്പെട്ടു.

അർപ്പിതമായ ആശ്രമ ജീവിതചര്യകളിലും പ്രവർത്തനങ്ങളിലും വ്യാപ്രതനായിരിക്കുമ്പോഴും ദൈവശാസ്ത്ര പരമായ കൂടുതൽ അറിവ് നേടാൻ ജേക്കബ് ശ്രമിച്ചിരുന്നു. അതെ തുടർന്ന് ബാംഗ്ലൂരിലെ യുണൈറ്റഡ് തിയോളജിക്കൽ കോളേജിലും ജബൽപൂരിലെ ലിയോനാർഡ് തിയോളജിക്കൽ കോളേജിലും ജേക്കബ് ബിരുദാനന്തര പഠനം നടത്തുവാൻ നിയോഗിക്കപ്പെട്ടു. 1969-ൽ പഠനം

പൂർത്തിയാക്കി തടാകം ആശ്രമത്തിലേക്ക് മടങ്ങിയപ്പോൾ, അദ്ദേഹം ആത്മീയമായി കൂടുതൽ പരിപക്വനായി.

ആചാര്യനായ കാലഘട്ടം - കരുണയും സമർപ്പണവും

1979-ൽ ആചര്യ ഫാ. കെ. സി. വർഗീസിന്റെ നിര്യാണശേഷം, 1982 നവംബർ 6ന് ജേക്കബ്, ഡീക്കൺ ആയി പട്ടമേറ്റ് ആശ്രമത്തിന്റെ ആചാര്യയായി നിയമിതനായി. അദ്ദേഹം വിശ്വസിച്ചിരുന്നത്,

“യഥാർത്ഥ മിഷൻ പ്രവർത്തനം പ്രാർത്ഥനയിലും, കരുണയിലും, സഹജീവികളോടുള്ള കരുതലിലും, സ്നേഹത്തിലും അടിയുറച്ചതായിരിക്കണം”

എന്നായിരുന്നു. ആചാര്യ എന്ന നിലയിൽ ആശ്രമ ഭരണം, ആത്മീയ കാര്യങ്ങളുടെ നടത്തിപ്പ്, ധ്യാനം, സുഹൃദ്ബന്ധങ്ങൾ, ഗ്രാമ സന്ദർശനം, ഔദ്യോഗിക ഇടപാടുകൾ, കൃഷി, സാമ്പത്തികം ഇവയെല്ലാം അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നതിനോടൊപ്പം സഭയോടും ഗ്രാമ വാസികളോടും സജീവ ബന്ധവും പുലർത്തിയിരിന്നു. തെങ്കര, അട്ടപ്പാടി എന്നിവിടങ്ങളിൽ ആശ്രമത്തിന്റെതായി കൃഷി ഭൂമികളും ഉണ്ടായിരുന്നു. ആശ്രമാംഗങ്ങൾ ആദിവാസി ഊരുകളിലും പ്രവർത്തിച്ചു കൃഷി കാര്യങ്ങൾ നോക്കിയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആശ്രമം ഗ്രാമങ്ങളിലേക്കു കൂടുതൽ സേവാനോന്മുഖമായ പ്രവർത്തന പാതകൾ തുറന്നു. വിദ്യാഭ്യാസം, ആരോഗ്യസേവനം, കൃഷി തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ ശക്തമാക്കി.

1983 മാർച് 13ന് അഭിവന്ദ്യ ഫിലിപ്പോസ് മാർ തിയോഫിലോസ് മെത്രാപ്പോലീത്ത അദ്ദേഹത്തിനു പുരോഹിതനായി പട്ടം നൽകി. ആഡംബരം ഇല്ലാത്ത കാവി കുപ്പായവും ഇടക്കെട്ടും കഴുത്തിൽ കറുത്ത ചരടിൽ കോർത്ത മരക്കുരിശും സന്യാസത്തിന്റെ ഉടമ്പടിയായി അദ്ദേഹം തുടർന്നു.

അവസാന വർഷങ്ങൾ - നിശ്ശബ്ദമായ ദീപ്തി

ജീവിതത്തിന്റെ അസ്തമയത്തിലും ഫാ ജേക്കബ് ശാന്തതയുടെയും സമർപ്പണത്തിന്റെയും പ്രകാശമായി നിലനിന്നു. ആസ്തമ രോഗം അദ്ദേഹത്തെ ഭാരപ്പെടുത്തിയപ്പോഴും, ലഭിച്ചിരുന്ന മരുന്നുകളും വിദേശത്ത് നിന്നും കുടുംബാംഗങ്ങൾ പ്രത്യേകമായി എത്തിച്ചു

കൊടുത്തിരുന്ന ഇൻഹേലറുകളും തനിക്കായി കരുതി വെക്കാതെ മറ്റു സമാന രോഗികൾക്ക് സമ്മാനമായി നൽകുന്ന അത്യന്തം കരുണയുള്ള ഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നു.


1992 ഓഗസ്റ്റ് 10-ന്, അറുപത്തിഒന്നാമത്തെ വയസ്സിൽ ആസ്തമ യോടാനുബന്ധിച്ചു ഹൃദയസ്തംഭനം മൂലം അകാലത്തിൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ പിതാവിനോടൊപ്പം സഹോദരങ്ങളും ബന്ധുക്കളും ആശ്രമത്തിൽ എത്തിച്ചേർന്നു. ഗ്രാമവാസികളും സുഹൃത്തുക്കളും വൈദീകരും അടങ്ങിയ ഒരു വലിയ കൂട്ടം ആശ്രമത്തിലേക്കു ഒഴുകിയെത്തി. അദ്ദേഹത്തിന്റെ ഭൗതിക ശരീരം, ആത്മാവിനൊപ്പം പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ച തടാകം ക്രിസ്തുശിഷ്യ ആശ്രമത്തിലെ ചാപ്പലിന്റെ അങ്കണത്തിൽ തന്റെ മുൻഗാമി ആയിരുന്ന ആചാര്യ കെ സി വർഗീസ് അച്ചന്റെ കല്ലറയോടു ചേർന്ന് ലളിതമായ ശുശ്രുഷകളോടെ അടക്കം ചെയ്യപ്പെട്ടു. സ്നേഹവും വിനയവും നിറഞ്ഞ, സാദാ പുഞ്ചിരി തൂകുന്ന സൗമ്യമായി മാത്രം സംസാരിക്കുന്ന ആ വ്യക്തിത്വം എല്ലാവരുടെയും മനസിൽ ഒരിക്കലും മായാത്ത ഓർമയായി.

സ്മരണയും പാരമ്പര്യവും

ആചാര്യ ഫാ. എം. കെ. ജേക്കബ് ഏകദേശം നാല് പതിറ്റാണ്ടോളം തടാകം ക്രിസ്തുശിഷ്യ ആശ്രമത്തിന്റെ ആത്മീയ പാരമ്പര്യവുമായി ഇഴുകിചേർന്നു ധന്യമായ ജീവിതം നയിച്ചു. അദ്ദേഹം വാക്കുകളിൽ ഉപരി സ്വന്തം ജീവിതത്തിലൂടെയാണ് ദൈവസ്നേഹം പ്രഘോഷിച്ചത്. ലാളിത്യം, സമർപ്പണം, സ്നേഹം, ശാന്തി – ഇവ നാലും അദ്ദേത്തിന്റെ വഴിത്താരകളെ പ്രകാശമാനമാക്കിയിരുന്നു.

ഇന്നും തടാകം താഴ്‌വരയിൽ വീശുന്ന കുളിർ കാറ്റിലും മലമടക്കുകളിലൂടെ ഊർന്നിറങ്ങുന്ന സൂര്യ രശ്മികളിലും, ആ സന്യാസിവര്യന്റെ നിശ്ശബ്ദ പ്രാർത്ഥനകളുടെ പ്രതിധ്വനി അന്തർലീനനമായിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം ഓർമ്മപ്പെടുത്തുന്നു:

“ദൈവസേവനം പ്രാർത്ഥനയിൽ മാത്രമല്ല ഒതുങ്ങുന്നത്; അത്
കരുണയുടെ സ്പർശമായി മനുഷ്യജീവിതത്തിലേക്ക്
ഇറങ്ങിവരുമ്പോൾ ക്രിസ്തുസ്നേഹം പരിപൂർണമാകുന്നു”.



ആചാര്യന്റെ മാതൃ ഇടവക ആയ തൃക്കോതമംഗലം സെന്റ് ജെയിംസ് ഓർത്തഡോക്സ് പള്ളി ഇടവകാഗങ്ങളും കുടുംബാംഗങ്ങളും തടാകം ആശ്രമത്തിൽ അദ്ദേഹത്തിന്റെ അന്ത്യ വിശ്രമസ്ഥലത്തു പതിവായി എത്തിച്ചേർന്നു സ്മരണാഞ്ജലികൾ അർപ്പിച്ചു വരുന്നു.





അർപ്പണം

ലാളിത്യം കുപ്പായമാക്കി, സ്നേഹം ശ്വാസമാക്കി, ജീവിതം സമർപ്പണമാക്കി, ദൈവ സ്നേഹത്തിന്റെ വഴികളിൽ നടന്ന് മനുഷ്യസേവനത്തെ ദൈവാരാധനയായി മാറ്റിയ **ആചാര്യ ഫാ. എം. കെ. ജേക്കബ് (1931-1992)** ഇന്ന് ഓർമയാണ്. അദ്ദേഹത്തിന്റെ ജീവിതം ലാളിത്യത്തിന്റെ മഹത്വവും സമർപ്പണത്തിന്റെ അർത്ഥവും സ്നേഹത്തിന്റെ ദിവ്യത്വവും നമ്മെ പഠിപ്പിക്കുന്നു. ലാളിത്യം ദുർബലതയല്ല, മറിച്ച് അത് ദൈവീക ബലത്തിന്റെ നിശബ്ദ പ്രതിരൂപമാണ് എന്ന് നമുക്ക് കാട്ടിത്തരുന്നു.

തടാകം ആശ്രമത്തിന്റെ താഴ്‌വാരങ്ങളിൽ ശാന്തതയുടെയും സേവനത്തിന്റെയും പരിമളമായി അവിടത്തെ മണ്ണും മരങ്ങളും ആ സ്നേഹസാന്നിധ്യത്തെ സാക്ഷ്യപ്പെടുത്തുന്നു. ദൈവത്തിന്റെ സ്നേഹം മനുഷ്യരുടെ ഹൃദയങ്ങളിൽ ഉണർത്തിയ ആചാര്യൻ, തന്റെ ജീവിതം കൊണ്ട് ഒരു മാതൃകയായി; വാക്കുകൾ കൊണ്ട് അല്ല, നിശ്ശബ്ദമായ സേവനത്തിലും കരുണയിലും തെളിഞ്ഞ ഒരു ഉദാത്ത ദർശനമായി.

അദ്ദേഹം ദൈവ സന്നിധിയിലേക്ക് എടുക്കപ്പെട്ടു 33 വർഷങ്ങൾ പൂർത്തി ആകുമ്പോൾ മാതൃ ഇടവക ആയ തൃക്കോതമംഗലം സെന്റ് ജെയിംസ് ദേവാലയം പുതുക്കി പണിത് കൂദാശ ചെയ്യുന്ന ഈ അവസരത്തിൽ, ക്രിസ്തുശിഷ്യ ആശ്രമത്തിന്റെ സ്നേഹസ്മിതവും വിശ്വാസത്തിന്റെ നിശ്ശബ്ദ ദീപ്തിയുമായിരുന്ന ആ പുണ്യാത്മാവിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

തടാകം കുന്നുകളുടെ താഴവാരത്തു ആശ്രമത്തിന്റെ അങ്കണങ്ങളിൽ ഇപ്പോഴും മുഴങ്ങുന്ന പ്രാർത്ഥനകളുടെ മൃദുലനാദം പോലെ, അദ്ദേഹത്തിന്റെ ഓർമ്മയും അനുഗ്രഹവും തലമുറകളെ പ്രചോദിപ്പിക്കട്ടെ.

"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ" (1 പത്രോസ് 5:7)



ലേഖകൻ എം. പി. സിറിയക്കുട്ടി മാധവശ്ശേരിൽ പരേതനായ റ്റി. കെ. പുന്നൂസ് (റിട്ട്ഡ് മാനേജർ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ) അന്നമ്മ (തോപ്പിൽകിഴക്കേതിൽ, പരുമല) ദമ്പതിമാരുടെ സീമന്ത പുത്രനും ഇടവക അംഗവുമാണ്. ഭാര്യ റൂബി ഓടശ്ശേരിൽ, കായംകുളം കാദിശാ പള്ളി ഇടവകാഗം
